കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികൾ

21 (*169) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഡോ. എം. എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽ നിലവിലുള്ള ഗവൺമെന്റ് വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പുതിയ പദ്ധതികളും പ്രോജക്ടുകളും അംഗീകാരത്തിനും സാമ്പത്തിക സഹായത്തിനും വേണ്ടി സമർപ്പിച്ചിട്ടുണ്ട് ;

(ബി) ഇവയിൽ ഏതെല്ലാം അനുവദിക്കുകയും ധനസഹായം നൽകുകയും ചെയ്തു ;

(സി) ഈ കാലഘട്ടത്തിൽ കേന്ദ്രത്തിൽ ഓരോ തവണയും ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുൻപായി ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നതിനായി എത്ര പദ്ധതികളും പ്രോജക്ടറ്റുകളും കേന്ദ്രത്തിലേയ്ക്കയച്ചിട്ടുണ്ട് ;

(ഡി) ഇവയിൽ ഏതിനെല്ലാം ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിച്ചു എന്ന് പറയുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ച പ്രധാന പദ്ധതികളും പ്രോജക്ടുകളും ചുവടെ ചേർക്കുന്നു.

1. തെങ്ങിനെ ബാധിക്കുന്ന മണ്ഡരി രോഗബാധ തടയുന്നതിനായി 195 കോടി രൂപയുടെ പദ്ധതി.

2. 100 മെഗാവാട്ടിന്റെ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതിക്കുവേണ്ടിയുള്ള സാങ്കേതികാനുമതി.

3. ദേശീയ പാതയുടെ വികസനത്തിനായി താഴെ പറയുന്ന വർഷങ്ങളിൽ ആകെ 772.565 കോടി രൂപയുടെ പദ്ധതികൾ സമർപ്പിക്കുകയുണ്ടായി.

1998 - 1999	132.20 കോടി രൂപ
1999 - 2000	274.365 കോടി രൂപ
2000 - 2001	366.00 കോടി രൂപ

4. കേരളാ കശുവണ്ടി വികസന കോർപ്പറേഷന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 9.29 കോടി രൂപയുടെ പദ്ധതി.

5. ടാനിൻ ഫാക്ടറി നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

6. ബേക്കൽ ടൂറിസം വികസനത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമുള്ള പദ്ധതികൾ.

(ബി) 1. മുകളിൽ പറഞ്ഞിട്ടുള്ള പദ്ധതികളിൽ ദേശീയ പാത വികസനത്തിനായി ലഭിച്ച തുക ചുവടെ ചേർക്കുന്നു.

1998 - 1999	85.70 കോടി രൂപ
1999 - 2000	152.10 കോടി രൂപ
2000 - 2001	110.64 കോടി രൂപ
ആകെ	348.44 കോടി രൂപ

2. ബേക്കൽ ടൂറിസം വികസനത്തിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി ഒഴികെയുള്ള മേൽപ്പറഞ്ഞ പദ്ധതികൾക്കെല്ലാം ബഡ്ജറ്റ് അലോട്ട്മെന്റ് ലഭിക്കുന്നതിനായിട്ടാണ് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ദേശീയപാത വികസന പദ്ധതിക്ക് 348.44 കോടി രൂപയും ബേക്കൽ ടൂറിസം വികസന പദ്ധതിക്ക് 2 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

വിളപ്പിൽശാലയിലെ ജൈവവള നിർമ്മാണ ഫാക്ടറി

22 (*170) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വിളപ്പിൽശാലയിൽ സ്ഥാപിച്ചിരിക്കുന്ന ജൈവവള നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം തദ്ദേശവാസികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുമെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സ്ഥലവാസികളുടെ പരാതി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ)

(എ) ഉണ്ട്.

(ബി) ഫാക്ടറിയുടെ പ്രവർത്തനം നിമിത്തം ആരോപിക്കപ്പെടുന്ന പരിസ്ഥിതി മലിനീകരണത്തെപ്പറ്റി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം പഠനം നടത്തിയിട്ടുണ്ട്. 21-11-2000-ൽ ഫാക്ടറി പരിസരം പരിശോധിച്ചു ഫാക്ടറിയുടെ പ്രോസസിംഗ്‌ യാർഡിന് പുറത്ത് ചപ്പുചവറുകൾ ചിതറി കിടക്കുന്നതിലും

LIBRARY ARCHIVES Kerala Legislative Assembly